മുള്ള കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവർക്ക് അംഗത്വം ലഭിക്കും. അംഗത്തിന്റെ വാർഷിക പ്രീമിയമായ 10 രൂപ സർക്കാർ ഇൻഷ്വറൻസ് കമ്പനിക്ക് നൽകും. അംഗങ്ങൾക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്.

1.	എല്ലാവിധ അപകടമരണവും	ഒരു ലക്ഷം രൂപ
2.	പൂർണ്ണമായ അംഗവൈകല്യം	ഒരു ലക്ഷം രൂപ
3.	രണ്ടുകാലുകൾ/കൈകൾ/കണ്ണുകൾ നഷ്ടം	ഒരു ലക്ഷം രൂപ
4.	ഒരു കാൽ/കൈ/ കണ്ണ് നഷ്ടം	50000 രൂപ
5.	അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ രണ്ടു കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം	5000 രൂപവീതം
6.	അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ രണ്ടു പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം	5000 രൂപവീതം
7.	അപകടത്തിൽ മരണമടയുന്ന അംഗത്തിന്റെ ശവശരീരം വീട്ടിൽ എത്തിക്കുന്നതിന് ധനസഹായം	1000 രൂപ
8.	മരണമടയുന്ന അംഗത്തിന്റെ ശവസംസ്കാരചടങ്ങിന് ധനസഹായം	1000 രൂപ
9.	ഗുരുതരമായി മുറിവേൽക്കപ്പെടുന്ന അംഗത്തിന്റെ ശുശ്രൂഷ ചെലവിന് ധനസഹായം	5000 രൂപ

(സി) ഇല്ല.

(ഡി-ഇ) ചോദ്യം ഉദിക്കുന്നില്ല.

99 (1065) കാർഷിക വായ്പാപദ്ധതികൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് നടപ്പുവർഷം വായ്പാ പദ്ധതികൾക്കായി എന്ത് തുകയാണ് മാറ്റിവച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) 1998-99 വർഷത്തിൽ വായ്പയായി എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് നടപ്പുവർഷം (1999-2000) വിവിധ വായ്പാ പദ്ധതികൾക്കായി 370 കോടി (മുന്നൂറ്റി എഴുപത് കോടി) രൂപയാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) 1998-99 വർഷത്തിൽ വായ്പയായി 231.93 കോടി രൂപ അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly